# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്തംബർ 18

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഒക്ടോബർ 14നും അഞ്ചാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഒക്ടോബർ 15നും മൂന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾ നവംബർ 18നും ഒന്നാം സെമസ്റ്റർ യു.ജി. പരീക്ഷകളും ഒന്നാം സെമസ്റ്റർ പി.ജി. പരീക്ഷകളും ഒക്ടോബർ 23നും നടക്കും. കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നവംബർ നാലു മുതൽ 16 വരെ നടക്കും.

(പി.ആർ.ഒ./39/1680/2019)

## അപേക്ഷ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം 2017 അഡ്മിഷൻ റഗുലർ), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്തംബർ 26 മുതൽ 30 വരെയും 500 രൂപ പിഴയോടെ ഒക്ടോബർ ഒന്നുമുതൽ മൂന്നുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ നാലുവരെയും അപേക്ഷിക്കാം. അപേക്ഷകൾ സമർപ്പിക്കേണ്ട വിധം, ഫീസ് തുടങ്ങി വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1681/2019)

മൂന്നാം സെമസ്റ്റർ എം.എം.എച്ച്. (സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ സെപ്തംബർ 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ കോളേജ് മുഖേന ഇ-പേയ്മെന്റ് നടത്തേണ്ടതാണ്.

(പി.ആർ.ഒ./39/1682/2019)

മൂന്നാം സെമസ്റ്റർ എം.എ./ എം. എസ്സി./ എം.കോം/ എം.സി.ജെ./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (സി.എസ്.എസ്.) 2012 അഡ്മിഷൻ മേഴ്സി ചാൻസുകാർ 7000 രൂപയും 2013 അഡ്മിഷൻകാർ 5000 രൂപയും പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ സ്പെഷൽ ഫീസടയ്ക്കണം.

(പി.ആർ.ഒ./39/1683/2019)

മൂന്നാം സെമസ്റ്റർ എം.എ./ എം.എസ്സി./ എം.കോം/ എം.സി.ജെ./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു./ എം.ടി.എ. ആന്റ് എം.ടി.ടി.എം. 2017 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർഥികളുടെ ഫീസും അപേക്ഷയും ബന്ധപ്പെട്ട കോളേജിൽ സ്വീകരിക്കണമെന്നും ഓൺലൈൻ പോർട്ടൽ മുഖേന ഫീസും അപേക്ഷയും സർവകലാശാലയിൽ സമർപ്പിക്കണമെന്നും പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ./39/1684/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എഡ്. ദ്വിവത്സരം (2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ വൈവാവോസി സെപ്തംബർ 23 മുതൽ 26 വരെ മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റും തീസിസിന്റെ രണ്ടുപകർപ്പുമായി ഹാജരാകണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1685/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ആനിമേഷൻ, സിനിമ ആന്റ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1686/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.ടി.ടി.എം. (2017 അഡ്മിഷൻ റഗുലർ), എം.ടി.ടി.എം./എം.ടി.എ. (2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1687/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി), പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1688/2019)

## എം.ജി.യിൽ രാജ്യാന്തര ആംഗ്യഭാഷാ ദിനാചരണം

മഹാത്മാ ഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിംഗ് ഡിസെബിലിറ്റിയുടെയും ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 26ന് രാജ്യാന്തര ആംഗ്യഭാഷാ ദിനാചരണം സംഘടിപ്പിക്കും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കുന്ന ദിനാചരണത്തോടനുബന്ധിച്ച് ഗവേഷണ പ്രബന്ധങ്ങളുടെ അവതരണവും വീഡിയോ പ്രദർശനവും നടക്കും. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ രജിസ്ട്രേഷൻ ഉള്ളവർക്ക് പരിപാടിയിൽ പങ്കെടുക്കുന്നതിലൂടെ ഒക്ടോബറിൽ ഐ.ആർ.എൽ.ഡി. നടത്തുന്ന രാജ്യാന്തര സെമിനാറിൽ പങ്കെടുക്കാനുള്ള രജിസ്ട്രേഷൻ നൽകും. വിശദവിവരത്തിന് ഫോൺ: 9946226638.

(പി.ആർ.ഒ./39/1689/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ